I/705264/2024

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
(വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം), തിരുവനന്തപുരം.

**നമ്പർ. VHSE/876/2024-C3** **തീയതി: 02.04.2024**

## സർക്കുലർ

**വിഷയം:-** **പൊതുവിദ്യാഭ്യാസം - 'Crack the Entrance' – പൊതുപ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്ന ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം സ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.04.2024 ലെ കൈറ്റ്/2024/ 1035-2 (55) നമ്പർ കത്ത്.

പൊതുവിദ്യാലയങ്ങളിൽ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ പഠിക്കുന്ന താല്പര്യമുള്ള എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും (സാമ്പത്തിക പിന്നോക്കം, നഗര-ഗ്രാമ വ്യത്യാസം തുടങ്ങിയവയില്ലാതെ) പൊതുപ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), കൈറ്റ് വിക്ടേഴ്സ് ചാനലിന്റേയും മറ്റ് സാങ്കേതിക സൗകര്യങ്ങളുടേയും സഹായത്തോടെയാണ് എല്ലാ കുട്ടികൾക്കും സൗജന്യമായി പരിശീലനം നൽകുന്നത്. മെഡിക്കൽ, എഞ്ചിനിയറിംഗ് ഉൾപ്പെടുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് ***'Crack the Entrance'*** പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് 2024 ഏപ്രിൽ 3 മുതൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങളുടെ ക്ലാസുകൾ സംപ്രേഷണം ചെയ്യുകയും entrance.kite.kerala.gov.in എന്ന വെബ്പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പരിശീലനത്തിനും മോഡൽ പരീക്ഷകളിൽ പങ്കെടുത്ത് പ്രാക്ടീസ് ചെയ്യുന്നതിനും അവസരം ഒരുക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും അവരവരുടെ സ്കൂളിൽ 2023-24 അധ്യയനവർഷം പന്ത്രണ്ടാം ക്ലാസിൽ പഠിച്ചിരുന്ന എല്ലാ കുട്ടികളേയും ഈ പരിശീലനം സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

2. ഏതെങ്കിലും കുട്ടിക്കോ/കുട്ടികൾക്കോ ക്ലാസുകൾ കാണുന്നതിന് സ്കൂളിലെ സാങ്കേതിക സൗകര്യങ്ങൾ ഉൾപ്പെടെ ആവശ്യമെങ്കിൽ ആയത് താല്ക്കാലികമായി ഈ ആവശ്യത്തിന് മാത്രമായി ലഭ്യമാക്കുന്നതിന് സർക്കാർ, എയ്ഡഡ് സ്കൂൾ അധികൃതർ ക്രമീകരണം ഒരുക്കേണ്ടതാണ്.

3. പൊതുപ്രവേശന പരീക്ഷകളെ അടിസ്ഥാനമാക്കിയുള്ള വിഷയാധിഷ്ഠിത ക്ലാസുകളും മുൻവർഷങ്ങളിലെ പരീക്ഷാ ചോദ്യങ്ങളുമെല്ലാം വിശകലനം ചെയ്യുകയും അധികപഠനത്തിനുള്ള ലിങ്കുകളും പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള മോഡൽ പരീക്ഷകളും നടത്തുന്നതാണ്. കുട്ടികൾ പഠനപ്രവർത്തനങ്ങളിലും മോഡൽ പരീക്ഷകളിലും പങ്കെടുത്ത് ഓരോ ടെസ്റ്റിലും നേടുന്ന സ്കോർ വെബ്സൈറ്റിൽ പരിശോധിച്ച് മെച്ചപ്പെടുത്തൽ വരുത്തേണ്ടതുമാണ്.

I/705264/2024

4. പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യൽ, കൈറ്റ് വിക്ടേഴ്സ് സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾക്ക് ഉപരിയായുള്ള റിസോഴ്സുകൾ കണ്ടെത്തി ഉപയോഗിക്കൽ, മാതൃകാ പരീക്ഷകളിൽ പങ്കെടുക്കൽ, സ്കോർ പരിശോധിക്കൽ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് യൂസർ ഗൈഡിലെ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണ്.

Signed by
Shanavas S Ias
Date: 02-04-2024 14:10:21

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
2. എല്ലാ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
3. എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ), എ.ഡി (വി.എച്ച്.എസ്.ഇ) മാർക്കും
4. കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും